I/100116/2023

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- ആ.വ.ഡ-ജീവനക്കാര്യം-സ്പെഷ്യാലിറ്റി കേഡർ- പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടന്റ് ആയ ഡോ. അഭിലാഷ്.വി, ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത OP(KAT)No.258/2023) in OA(EKM) 248/2023-ന്മേലുള്ള 22.06.2022 ലെ വിധിന്യായം അനുപാലിച്ച ഉത്തരവിലെ നിർദേശം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. സ.ഉ (സാധാ) നം. 2754/2023/H&FWD തീയതി 20.10.20232.
2. ഡോ. അഭിലാഷ്.വി സമർപ്പിച്ച അപേക്ഷ തീയതി 26.10.2023

**ഉത്തരവ് നം. ഇ.എ1-16289/2023/ആ.വ.ഡ തീയതി : 30-10-2023**

നിലവിൽ മട്ടന്നൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് ആയ ഡോ. അഭിലാഷ്.വി, ടിയാനെ ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട് നിന്നും നിലവിലെ സ്ഥാപനത്തിലേയ്ക്ക് സ്ഥലം മാറ്റിയതിനെതിരെ ഫയൽ ചെയ്ത OP(KAT)No.258/2023) -ന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 22.06.2022 ലെ വിധിന്യായം അനുപാലിച്ചു പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി ഒഴികെ മറ്റൊരു സ്റ്റേഷൻ ചൂണ്ടി കാണിച്ചു ഡോ. അഭിലാഷ് അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ ആയത് പരിശോധിച്ച് നിയമനം നൽകുന്നത് പരിഗണിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

2. ഡോ. അഭിലാഷ്.വി തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടന്റ് തസ്തികയിലെ ഒഴിവിലേക്ക് സ്ഥലം മാറ്റം നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

3. മേൽ സാഹചര്യത്തിൽ ഡോ. അഭിലാഷ്.വി, ജൂനിയർ കൺസൽട്ടൻറ്, പീഡിയാട്രിക്സ് -നെ (PEN: 635546) മട്ടന്നൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിന്നും തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിലേയ്ക്ക് സ്ഥലം മാറ്റി നിയമിച്ചു ഉത്തരവാകുന്നു.

I/100116/2023

4. മെഡിക്കൽ ഓഫീസറും സ്ഥാപന മേധാവിയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

Signed by
Dr Reena K J
Date: 30-10-2023 13:27:35

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ഡോ. അഭിലാഷ്.വി, ജൂനിയർ കൺസൽട്ടൻറ്, പീഡിയാട്രിക്സ്, സാമൂഹികാരോഗ്യ കേന്ദ്രം, മട്ടന്നൂർ, കണ്ണൂർ

പകർപ്പ് :
1.പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബ ക്ഷേമ (എ) വകുപ്പ്, ഗവൺമെൻറ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2.അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
3.അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം
4.ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ
5.ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
6.ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്